നെയിംപ്ലേറ്റ് ധരിക്കണമെന്ന നിർദ്ദേശം

* 815 [883] ശ്രീ. എസ്. തങ്കപ്പൻ പിള്ള:
,, എൻ. ഭാസ്കരൻ നായർ:
,, വട്ടിയൂർക്കാവ് രവി:
,, ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കെ. എസ്. ആർ. ടി. സി. -യിലെ ഡ്രൈവർമാർ, കണ്ടക്ടർമാർ തുടങ്ങി പൊതുജനങ്ങളുമായി ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥൻമാർ ഡ്യൂട്ടി സമയങ്ങളിൽ അവരുടെ യൂണിഫോറത്തോടൊപ്പം "നെയിം പ്ലേറ്റ്" കൂടി ധരിക്കണമെന്ന് കർശനമായി നിർദ്ദേശം നൽകുമോ?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്): തൊഴിലാളി യൂണിയനുകളുടെ നിസ്സഹകരണം കാരണം ഈ നിർദ്ദേശം പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല.

ശ്രീ. എസ്. തങ്കപ്പൻപിള്ള: കെ. എസ്. ആർ. ടി. സി. യിലെ ജീവനക്കാർ പ്രധാനമായും ഡ്രൈവർമാരും കണ്ടക്ടർമാരും അവരുടെ ഡ്യൂട്ടി സമയമെങ്കിലും നെയിംപ്ലേറ്റു ധരിക്കണമെന്നു കർശനമായ നിർദ്ദേശം നൽകിയിട്ടും അതു പാലിക്കാതിരിക്കുവാൻ കാരണമെന്താണ്? ഇക്കാര്യത്തിൽ ഗവൺമെന്റ് സത്വരമായ നടപടിയെടുക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: നിർദ്ദേശം കൊടുത്തിട്ടില്ല. നിർദ്ദേശം വന്നപ്പോൾ അതിനെപ്പറ്റി ആലോചിച്ച് തീരുമാനം എടുക്കാൻ മാത്രമേ മുതിർന്നുള്ളൂ. സാധാരണ യൂണിയൻ നേതാക്കൻമാരുമായി ആലോചിച്ച് രണ്ടു കൂട്ടർക്കും സ്വീകരിക്കാവുന്ന നടപടിയാണു സ്വീകരിക്കുക. ആ നിലയിൽ ഇതിനെപ്പറ്റിയും ആലോചിച്ചപ്പോൾ അവർ വൈമുഖ്യം പ്രകടിപ്പിച്ചു. അതുകൊണ്ട് നിർബന്ധപൂർവ്വം മുന്നോട്ടു വന്നില്ലെന്നേയുള്ളൂ.

ശ്രീ. എസ്. തങ്കപ്പൻപിള്ള: ട്രേഡ് യൂണിയനുകളുടെ ശക്തമായ ഇൻഫ്ലുവൻസ് കൊണ്ടാണ് നടപ്പിലാക്കാൻ കഴിയാത്തതെന്നു പറഞ്ഞു. അവരുടെ സേവനവേതന വ്യവസ്ഥകളെ സംബന്ധിച്ച് ബോധവൽക്കരിച്ചു കൊണ്ടു വരുമ്പോൾ പൊതുജനങ്ങളുടെ സൗകര്യം പരിഗണിച്ച് ഈ ആളുകളെ ഐഡന്റിഫൈ ചെയ്യാനുള്ള സൗകര്യമുണ്ടാക്കാൻ സത്വരമായി ബഹുമാനപ്പെട്ട മന്ത്രി വേണ്ട നിർദ്ദേശം കൊടുക്കുമോ? ഇതു പ്രാവർത്തികമാക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ട്രേഡ് യൂണിയനുകളുടെയും തൊഴിലാളികളുടെയും എതിർപ്പു സഹിച്ച് ഇതു നടപ്പിലാക്കണമെന്ന നിർബന്ധമില്ല, അതുകൊണ്ടു പ്രയോജനവുമില്ല. കാരണം പേരുമാത്രം ഐഡന്റിഫൈ ചെയ്തതുകൊണ്ടു പ്രയോജനമില്ല. നാരായണൻ, തങ്കപ്പൻ എന്നെല്ലാം പേരുകൾ എഴുതിവച്ചാലും ഏതു തങ്കപ്പനെന്നും ഏതു നാരായണനെന്നും അറിയാൻ പ്രയാസമാണ്. അതുകൊണ്ട് ഇത്രമണിക്കു ഇന്ന നമ്പർ ബസ്സ്, ഇന്ന റൂട്ടിൽ ഓടുന്നതെന്നു പറഞ്ഞാൽ ആളെ തിരിച്ചറിയാൻ കഴിയുമെന്നുള്ളതുകൊണ്ട് അതു പ്രായോഗികമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. തങ്കപ്പൻപിള്ള: അവരുടെ പേരെങ്കിലും തിരിച്ചറിയാനുള്ള സൗകര്യമുണ്ടാക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പേരറിഞ്ഞതുകൊണ്ടുമാത്രം പ്രയോജനമില്ലല്ലോ. പെരുമാറ്റം ശരിയാക്കാൻ പ്രയാസമാണ്.

ശ്രീ. എൻ. ഭാസ്കരൻ നായർ: ഇന്നു യൂണിഫാം ധരിക്കാതെയാണ് പലരും ബസ്സുകളിൽ കയറുന്നത്. അതുകൊണ്ട് ജീവനക്കാർ നിർബന്ധമായും യൂണിഫാം ധരിച്ചുമാത്രമേ ബസ്സുകളിൽ കയറാവൂ എന്നു നിർദ്ദേശിക്കാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കെ. എസ്. ആർ. ടി. സി.-യിൽ അങ്ങനെ ചില പരാതികളും ലഭിച്ചിട്ടുണ്ട്. അതിൻമേൽ കർശനമായ നടപടികളും സ്വീകരിക്കാം. പ്രൈവറ്റ് മേഖലയിലും നിർബന്ധമാക്കാൻ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വട്ടിയൂർക്കാവ് രവി: പോലീസുദ്യോഗസ്ഥൻമാർ അവരുടെ വേഷവിധാനത്തിൻമേൽ നമ്പർ പ്ലേറ്റ് വയ്ക്കുന്നുണ്ട്. അതുവരെ തിരിച്ചറിയാനാണ്. പൊതുജനങ്ങളുമായി സദാ ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഒരു വിഭാഗം ജീവനക്കാരെന്ന നിലയിൽ പലപ്പോഴും വാക്കുതർക്കങ്ങളും മറ്റും ഉണ്ടാകുന്നുണ്ട്. ഇതു പരിഗണിച്ച് ഇന്ന ബസ്സിലെ ഇന്ന പേരുള്ള കണ്ടക്ടർ ആണ് ഇന്നരീതിയിൽ അപരിഷ്കാരിയായി പെരുമാറിയതെന്നു മനസ്സിലാക്കാനെങ്കിലും നെയിം പ്ലേറ്റ് വയ്ക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഈ പേരുള്ള ബോർഡ് വയ്ക്കണമെന്നു നിർബന്ധിക്കുന്നത് ആളുകളെ തിരിച്ചറിയാനാണ്. തിരിച്ചറിയാൻ വേറെ മാർഗ്ഗമുണ്ട്. തൊഴിലാളികളുടെയും യൂണിയനുകളുടെയും എതിർപ്പുകളും സഹിച്ചും നിർബന്ധമായും നടപ്പിലാക്കണമെന്നു ഗവൺമെന്റ് തീരുമാനിച്ചു എന്നുള്ളതല്ലാതെ ഇതു വേണ്ടെന്നോ ഭാഗികമായെന്നോ അഭിപ്രായമില്ല. നടപ്പിലാക്കുമ്പോൾ പ്രയോജനത്തെക്കാൾ കൂടുതൽ എതിർപ്പുണ്ടാകുമെന്നുള്ളതുകൊണ്ട് തൽക്കാലം വേണ്ടെന്നു വച്ചു എന്നു മാത്രമേയുള്ളൂ.

ശ്രീ. ടി. എ. മജീദ്: യൂണിയനുകളും വൈമുഖ്യം കാണിക്കുന്നത് എന്തു കാരണം പറഞ്ഞുകൊണ്ടാണ്?

ശ്രീ. കെ. നാരായണക്കുറുപ്പ്: കാരണം പ്രത്യേകമൊന്നും പറഞ്ഞിട്ടില്ല. പുതുതായി ഒരു ഏർപ്പാടുവരുമ്പോൾ സാധാരണ എതിർപ്പു പ്രകടിപ്പിക്കാറുണ്ട്. അതു ബുദ്ധിമുട്ടുള്ളതാണ്", ചിലപ്പോൾ പേരു വയ്ക്കാതെ പോയാൽ ശിക്ഷ അനുഭവിക്കേണ്ടിവരും; എപ്പോഴും നെയിം പ്ലേറ്റ് കൈവശമില്ലെന്നുവരും എന്നെല്ലാമാണ് അവരുടെ അഭിപ്രായം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഈ നിർദ്ദേശം യൂണിയനുകളാണ് എതിർത്തതെന്നു പറഞ്ഞു, ഏതു യൂണിയനാണ് എതിർത്തതെന്ന് എനിക്കറിഞ്ഞുകൂടാ. ഇതുമായി ബന്ധപ്പെട്ട ഒരു യൂണിയന്റെ പ്രസിഡന്റ് എന്ന നിലയിൽ ഇങ്ങനെയൊരു ആലോചന യൂണിയന്റെ മുന്നിൽ വെച്ചിട്ടുള്ളതാണോ ആരെങ്കിലും എതിർത്തിട്ടുള്ളതാണോ

എന്ന് എനിക്കറിയില്ല. ഇതിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രി ഒരു കോൺഫറൻസ് വിളിച്ചുകൂട്ടുകയും വേണ്ട നടപടി സ്വീകരിക്കുകയും ചെയ്യുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ആലോചിച്ചതും വേണ്ടെന്നു വെച്ചിട്ടുള്ളതും. ഞാനി അതിനെ സംബന്ധിച്ച് ഒന്നുംകൂടി ആലോചിക്കാം. ഈ ഗവൺമെന്റിന്റെ കാലത്ത് ഇതിനെ സംബന്ധിച്ച് ആലോചിച്ചിട്ടില്ല.

ശബരിമല വികസന പദ്ധതി

* 816 [884] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ–സാമൂഹ്യ വികസന മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ദേശീയ തീർത്ഥാടന കേന്ദ്രമായി വികസിപ്പിക്കാൻ കേന്ദ്രത്തിന് പദ്ധതി സമർപ്പിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ വിശദവിവരങ്ങൾ വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിന് കേന്ദ്രത്തിൽനിന്ന് എന്തെല്ലാം സഹായങ്ങളാണ് അഭ്യർത്ഥിച്ചിട്ടുള്ളത്?

തൊഴിലും പാർപ്പിടവും വകുപ്പുമന്ത്രി (ശ്രീ. എം. കെ. രാഘവൻ)

(എ) ശബരിമല ക്ഷേത്രസങ്കേതം ഒരു ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കുവാൻ ആവശ്യമായ നടപടികളെടുക്കാൻ കേന്ദ്ര ഗവൺമെന്റിനോട് അപേക്ഷിച്ചിരുന്നു.

(ബി) പ്രത്യേകമായ ഒരു പദ്ധതിയുടെ അടിസ്ഥാനത്തിലല്ല അപേക്ഷ നൽകിയത്.

(സി) ഒരു ദേശീയ തീർത്ഥാടന കേന്ദ്രമായി അംഗീകരിച്ചാൽ ശുചീകരണം, ഗതാഗതം, ശുദ്ധജലവിതരണം മുതലായ സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിന് സാദ്ധ്യതയുണ്ടാകും എന്ന പ്രതീക്ഷയിലാണ് അഭ്യർത്ഥന നടത്തിയത്.

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: ശബരിമല ഒരു ദേശീയ തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിക്കുവാനുള്ള കേരളാഗവൺമെന്റിന്റെ നിവേദനം കേന്ദ്രം അനുഭാവപൂർവ്വമായാണോ പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. എം. കെ. രാഘവൻ: അല്ല, അനുഭാവപൂർവ്വമല്ല പരിഗണിച്ചത്. ഇങ്ങനെയുള്ള ഒരു കാര്യം കേന്ദ്രം പരിഗണിക്കേണ്ട കാര്യമില്ല സംസ്ഥാനം പരിഗണിച്ചാൽ മതിയെന്നാണ് അഭിപ്രായപ്പെട്ടത്.

ശ്രീ. പി. സി. ജോസഫ്: ശബരിമല ഒരു ദേശീയ തീർത്ഥാടന കേന്ദ്രമായി കേന്ദ്രഗവൺമെന്റ് അംഗീകരിച്ചിട്ടില്ലെങ്കിലും അതൊരു വസ്തുതയായി മാറിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ അവിടം ഒരു ടൂറിസ്റ്റ് കേന്ദ്രമായി മാറ്റാനുള്ള സംവിധാനമുണ്ടാക്കുവാൻ ബഹുമാനപ്പെട്ട ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly